# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 980**

**30.09.2016 - ൽ മറുപടിക്ക്**

## വിത്ത് ബാങ്ക്

**ചോദ്യം**
**ശ്രീ.മോൻസ് ജോസഫ്**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്ത് വിത്ത് ബാങ്ക് എന്ന ആശയം കൊണ്ടു വരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;<br><br>ബി) ഏതൊക്കെ സ്ഥലത്താണ് കൃഷി വകുപ്പിന്റെ വിത്ത് ഉത്പാദനവും ഗവേഷണവും നടക്കുന്നത്; ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ വിത്ത് വിതരണം മിതമായ നിരക്കിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | എ) & ബി) ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിത്ത് ബാങ്ക് സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. അന്യം നിന്നുകൊണ്ടിരിക്കുന്ന നെൽ വിത്തുകൾ, മറ്റു കാർഷിക വിളകളുടെ വിത്തുകൾ എന്നിവ സംരക്ഷിക്കുന്നതിനും, അവയുടെ ഇന വർദ്ധനവു വരുത്തി കർഷകരിൽ എത്തിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും കൃഷി വകുപ്പ് ഉദ്ദേശിക്കുന്നു. വിത്തുല്പാദന ഗവേഷണ പ്രവർത്തനങ്ങൾ കേരള കാർഷിക സർവ്വകലാശാലയാണ് നടത്തിവരുന്നത്. കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ കോളേജുകളിലും ഗവേഷണ കേന്ദ്രങ്ങളിലുമായി 28 കേന്ദ്രങ്ങളിൽ വിത്തുല്പാദനം നടക്കുന്നുണ്ട്. കൂടാതെ പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലും, വെള്ളാനിക്കര (തൃശ്ശൂർ) ഹോർട്ടികൾച്ചറൽ കോളേജിലും വിത്തിന്റെ ഗവേഷണ പദ്ധതികളും നടന്നുവരുന്നു. കൂടാതെ കൃഷി വകുപ്പിന്റെ കീഴിലുള്ള 33 സംസ്ഥാന വിത്ത് ഉല്പാദന ഫാമുകളിൽ ഫൌണ്ടേഷൻ വിത്തുകളുടെ ഉല്പാദനം നടത്തിവരുന്നുണ്ട്. പ്രസ്തുത ഫാമുകളുടെ വിവരം ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു. കൂടാതെ രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി പ്രകാരം പാടശേഖര സമിതി/കർഷകർ മുഖേന സർട്ടിഫൈഡ് വിത്ത് ഉല്പാദിപ്പിക്കുന്നതിനുള്ള നടപടിയും കൃഷി വകുപ്പ് സ്വീകരിക്കുന്നുണ്ട്. കർഷകർക്ക് ഉപകാരപ്രദമായ രീതിയിലും ന്യായമായ നിരക്കിലും വിത്ത് വിതരണം ചെയ്യുന്നതിലേക്കായി കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയും വി.എഫ്.പി.സി.കെ.യും കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികൾ മുഖേനയും വിത്തിന് സബ്സിഡി കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. |
| സി) കൃഷി വകുപ്പിന്റെ കീഴിലുള്ള കടുത്തുരുത്തിയിലെ കോഴ കൃഷി ഫാം ആധുനിക വത്ക്കരിക്കുന്നതിനും ഇതിന്റെ കീഴിലുള്ള സ്ഥലം കാർഷിക മേഖലയ്ക്ക് ഉപയോഗപ്രദമായി തീർക്കുന്നതിനും നടപടി സ്വീകരിക്കുമോ? | സി) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ ജില്ലാ കൃഷിത്തോട്ടം, കോഴ പ്രവർത്തിച്ചു വരുന്നുണ്ട്. പ്രസ്തുത കൃഷിത്തോട്ടം ആധുനികവൽക്കരിക്കുന്നതിനായി ആർ.കെ.വി.വൈ. പദ്ധതി സഹായത്തോടെ 50.00 ലക്ഷം രൂപയുടെ ഒരു പ്രോജക്റ്റിന് 2015-16 വർഷം സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**